"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യപൊതുവിതരണ വകുപ്പ് - ജീവനക്കാര്യം - പൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പ് കമ്മീഷണറുടെ കാര്യാലയത്തിൽ സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസറായ ശ്രീമതി. മിനിമോൾ ഡി (പെൻ നം. 101614)-ക്ക് **സദ്സേവന രേഖ** അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യപൊതുവിതരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.324/2024/F&CS തീയതി,തിരുവനന്തപുരം, 10-10-2024

---

പരാമർശം:- പൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പ് കമ്മീഷണറുടെ 07/09/2024-ലെ CCS-CA/27/2024 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**ഉത്തരവ്**

*പൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പ് കമ്മീഷണറുടെ കാര്യാലയത്തിൽ 28.02.2022 മുതൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി ജോലിയിൽ പ്രവേശിച്ച ശ്രീമതി. മിനിമോൾ.ഡി യുടെ സേവന ചട്ടങ്ങളിലെ അറിവും ജോലിയോടുള്ള അർപ്പണബോധവും ആത്മാർത്ഥതയും വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് വളരെയധികം സഹായിച്ചിട്ടുണ്ട് എന്നും ടിയാളുടെ സേവന കാലയളവിൽ മൂന്ന് ഘട്ടങ്ങളിലായി ഫയൽ തീർപ്പാക്കൽ അദാലത്ത് നടത്തുകയും സാധാരണ ഫയലുകൾക്കൊപ്പം 62,953 പഴയ ഫയലുകൾ (2 വർഷത്തിലേറെയായി കെട്ടിക്കിടക്കുന്ന ഫയലുകൾ) തീർപ്പാക്കുകയും ചെയ്തിട്ടുണ്ട് എന്നും വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റികൾ വിളിച്ചുകൂട്ടുന്നതിലും സെലക്ട് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിലും വിവിധ കേഡറുകളുടെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കുന്നതിലും പ്രസിദ്ധീകരിക്കുന്നതിലും അവർ നൽകിയ സംഭാവന പ്രശംസനീയമാണ് എന്നും, വകുപ്പിൽ അനധികൃതമായി ഹാജരാകാത്തവരെ കണ്ടെത്താൻ സ്പെഷ്യൽ ഡ്രൈവ് ആരംഭിക്കുകയും 27 കേസുകൾ കണ്ടെത്തുകയും, അവർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുകയും ഇതിൽ 13 ജീവനക്കാരെ 1960 ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം സർവീസിൽ നിന്ന് പുറത്താക്കുകയും ചെയ്തിട്ടുണ്ട് കൂടാതെ തീർപ്പാകാതെ ഇരുന്ന 2017-18, 2018-19, 2019-20, 2020-21, 2021-22 വർഷങ്ങളിലെ വാർഷിക ഭരണ റിപ്പോർട്ടുകൾ തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ള വസ്തുതകൾ പരിഗണിച്ച് കൊണ്ട് ശ്രീമതി. മിനിമോൾ ഡി. ക്ക് സദ്സേവന രേഖ നൽകുന്നതിനുള്ള ശുപാർശ പരാമർശ പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്.*

*2) പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ നൽകിയ ശുപാർശ സർക്കാർ പരിഗണിക്കുകയും പരിശോധിക്കുകയും ചെയ്തു. പൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പ് കമ്മീഷണറുടെ കാര്യാലയത്തിൽ ശ്രീമതി. മിനിമോൾ ഡി. നൽകിയ ശ്രദ്ധേയമായ സേവനവും പ്രയത്നവും കണക്കിലെടുത്ത് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി ജോലി ചെയ്യുന്ന ശ്രീമതി. മിനിമോൾ ഡി. (പെൻ നം. 101614, അഡീഷണൽ സെക്രട്ടറി) ക്ക്* ***സദ്സേവന രേഖ*** *അനുവദിച്ച് ഉത്തരവാകുന്നു. അതോടൊപ്പം ഭാവിയിലും തന്നിൽ അർപ്പിതമായ കടമകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിൽ അർപ്പണ മനോഭാവവും പ്രതിബദ്ധതയും ഈ ഉദ്യോഗസ്ഥയിൽ നിന്നും പ്രതീക്ഷിക്കുന്നു.*

*3)മേൽ ഉദ്യോഗസ്ഥയുടെ സേവന പുസ്തകത്തിൽ പ്രസ്തുത വിവരം രേഖപ്പെടുത്തേണ്ടതാണ്.*

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

ശ്രീമതി . മിനിമോൾ ഡി, അഡീഷണൽ സെക്രട്ടറി
പൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പ് കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&. ഇ) കേരള, തിരുവനന്തപുരം
ജനറൽ അഡ്മിനിസ്ട്രേഷൻ (സ്പെഷ്യൽ ബി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്, & ന്യൂ മീഡിയ വിഭാഗം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 10-10-2024 15:00:40
സെക്ഷൻ ഓഫീസർ